തദ്ദേശ സ്വയംഭരണ വകുപ്പ്

# കണ്ണപുരം ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ്

## 2026-2027

<u>അവതരണം</u>

**ശ്രീമതി. പ്രേമ കെ**

**വൈസ് പ്രസിഡണ്ട് & ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ**

05 മാർച്ച് 2026

(ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 03.03.2026 തീയ്യതിയിലെ 01/2026 നമ്പർ തീരുമാനം)

# കണ്ണപുരം ഗ്രാമ പഞ്ചായത്ത്

## ബഡ്ജറ്റ് രേഖ 2026-27



2025 ഡിസംബര് 21 ന് അധികാരത്തിൽ വന്ന ഈ ഭരണസമിതിയുടെ ആദ്യത്തെ ബഡ്ജറ്റാണിത്. ഗ്രാമ പഞ്ചായത്തിൻറെ സമഗ്രമമായ വികസനവും ജനങ്ങളുടെ ക്ഷേമവും സുസ്ഥിരതയും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും എന്ന ലക്ഷ്യത്തിനെ അടിസ്ഥാനമാക്കിയുള്ള പദ്ധതിയാണ് കണ്ണപുരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്, അതിന് ഉതകുന്ന രീതിയിലാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

കാർഷിക പാരമ്പര്യമുള്ള ഈ മണ്ണിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു നവ കണ്ണപുരമാണ് ഗ്രാമപഞ്ചായത്തിൻറെ ലക്ഷ്യം. ജന പങ്കാളിത്തത്തോടെ ഒട്ടേറെ വികസന പ്രവർത്തികളും, പച്ചത്തുരുത്ത് പോലെയുള്ള പരിസ്ഥിതി സൌഹാർദ്ദ പ്രവർത്തനങ്ങളും, കാൻസർ മുക്ത പഞ്ചായത്ത്, ആരോഗ്യ മേഖലയിൽ നടത്തിയ പഞ്ചായത്ത് എന്ന ഖ്യാതിയും കണ്ണപുരത്തിനുണ്ട്.

ജീവിത ശൈലിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് എല്ലാ വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വരുന്ന പദ്ധതി നിർദ്ദേശങ്ങൾ വ്യത്യസ്തവും നിരവധിയുമാണ് അവയെല്ലാം ഒരുമിച്ച് നടപ്പിലാക്കാനുള്ള വിഭവ ശേഷി നിലവിൽ ഗ്രാമ പഞ്ചായത്തിനില്ല എങ്കിലും മുൻഗണന ക്രമമനുസരിച്ച് പരമാവധി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു, വിവിധ മേഖലാ തല വികസനത്തിന് മുൻഗണനാടിസ്ഥാനത്തിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഉല്പാദന

മേഖലയിൽ വികസന ഫണ്ട് സാധാരണ വിഹിതത്തിൻറെ 30% തുക 55,78,560/- രൂപ വകയിരുത്തി. പശ്ചാത്തല മേഖലയിൽ വികസന ഫണ്ട് സാധാരണ വിഹിതത്തിൻറെ 30% തുക 55,78,560/- രൂപ വകയിരുത്തി. പട്ടികജാതി ഉപ പദ്ധതിയിൽ നിന്ന് 30% വും വകയിരുത്തിയിട്ടുണ്ട്.

- വരുമാനം

വർഷംതോറും കൂടിവരുന്ന വികസനക്ഷേമ പദ്ധതി ചെലവുകൾക്ക് ആനുപാതികമായി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. ഗ്രാമപഞ്ചായത്തിന് ലഭിച്ചുവരുന്ന വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാൻറ്, മെയിൻറനൻസ് ഗ്രാൻറ് തുടങ്ങിയ വരുമാന സ്രോതസ്സുകൾ മാത്രം ആശ്രയിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുകയെന്നത് ഭാവിയിൽ സാധ്യമായ കാര്യമല്ല. ഈ സാഹചര്യത്തിൽ കാര്യക്ഷമമായ നികുതി പിരിവിലൂടെ സാധ്യതക്കനുസരിച്ചുള്ള തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് ഗ്രാമ പഞ്ചായത്തിൻറെ നിലനിൽപ്പിനും വികസന പ്രവർത്തനങ്ങൾക്കും അത്യന്താപേക്ഷിതമാണ്.

## കാർഷിക മേഖല

ലഭ്യമായ എല്ലാ കൃഷിയോഗ്യമായ ഭൂമിയും പൂർണ്ണമായും കൃഷിക്ക് ഉപയോഗപ്പെടുത്തി തരിശ് രഹിത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഊന്നൽ നൽകുന്നു.

നെൽകൃഷി, പച്ചക്കറി കൃഷി, തെങ്ങ് കൃഷി, തുടങ്ങീയ മേഖലയിൽ ഉൽപാദന വർദ്ധനവ് ലക്ഷ്യമിടുന്നു. (പട്ടിക കാണുക)

| ഇനം | ഭൂമി ഹെക്ടർ | ഉല്പാദനം ഹെക്ടർ |
|---|---|---|
| നെൽകൃഷി | 100 | 6 ടൺ |
| പച്ചക്കറി കൃഷി | 20 | 15 ടൺ |
| തെങ്ങ് കൃഷി | 500 | 42,50,000/- എണ്ണം തേങ്ങ |

കാർഷിക മേഖലയിൽ യുവാക്കളെ ആകർഷിക്കുന്നതിനായി നൂതന കൃഷി രീതികൾ അഗ്രി ബിസിനസ് ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് ഈ ബജറ്റ് ഊന്നൽ നൽകുന്നു. ഉൽപ്പാദന ക്ഷമത കൂടിയതും ആധുനിക രീതിയുമായ കൃത്യത കൃഷിയും കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് സംരംഭങ്ങൾ കൂടി ആരംഭിക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികളാണ് ഊന്നൽ നൽകുന്നത്. കണ്ണപുരം ഗ്രാമപഞ്ചായത്ത് 2026-2027 വാർഷത്തിൽ കാർഷിക മേഖലക്കായി **17,71,530/-** രൂപ വകയിരുത്തിയിട്ടുണ്ട്.

- **മത്സ്യമേഖല**

മത്സ്യ ബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ച കുടുംബങ്ങൾ പഞ്ചായത്തിൽ നാമമാത്രമാണ്. പഞ്ചായത്തിൻറെ പടിഞ്ഞാറു ഭാഗത്തുള്ള മത്സ്യബന്ധനത്തിനു സാധ്യതയുള്ള പ്രദേശം. ഇത് വളരെ ചെറിയ പ്രദേശമാണ്. അത്കൊണ്ടുതന്നെ വലിയ തോതിലുള്ള മത്സ്യ ബന്ധന സാധ്യത പഞ്ചായത്തിൽ ഇല്ല. മത്സ്യ വിപണനം നടത്തുന്ന തോഴിലാളികൾക്ക് ആനുകൂല്യം നൽകുന്നതിന് **3,10,000/-** രൂപ വകയിരുത്തിയിട്ടുണ്ട്.

- **മണ്ണ് ജല സംരക്ഷണം**

പൊതു ഭൂമിയിലെയും സ്വകാര്യ ഭൂമിയിലെയും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ ഉദ്ദേശിക്കുന്നു. എന്നാൽ ഓരോ വർഷവും തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കേന്ദ്ര ഗവ: വെട്ടിക്കുറക്കുകയും തൊഴിൽ ചെയ്യുന്നതിന് കഠിനമായ നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്തതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി പ്രകാരം ചില പ്രവൃത്തികൾ ചെയ്യുന്നതിന് സാധിക്കാതെ വരുന്നുണ്ട്.

- ## മൃഗ സംരക്ഷണം, ക്ഷീര വികസനം

ഗ്രാമപഞ്ചായത്തിൽ ആകെ 136 ക്ഷീര കർഷകരാണ് ഉള്ളത്. ആരോഗ്യമുള്ള കന്നുകാലി സമ്പത്തും പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തയുമാണ് പഞ്ചായത്തിന്റെ ലക്ഷ്യം. ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് 1 ലിറ്റർ പാലിന് 4/- രൂപ തോതിൽ അധിക വില നല്കുന്നതിനും, ക്ഷീര സംഘം മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ നൽകുന്നതിനുമായി തുക വകയിരുത്തുന്നു. പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നത് ഉൾപ്പെടെയുള്ള മൃഗ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 43,07,500/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- ## പ്രാദേശിക സാമ്പത്തിക വികസനം

പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ചെറുകിട സംരംഭങ്ങൾക്ക് ബജറ്റ് ഊന്നൽ നൽകുന്നു. ഈ മേഖലയ്ക്ക് വേണ്ടി ആകെ 37,10,000/- രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ സംരംഭ പ്രവർത്തനങ്ങൾ, പതിനഞ്ചാം വാർഡിൽ ചകിരി സൊസൈറ്റിയിൽ നെല്ല് കുത്ത് മെഷ്യൻ, ചകിരി ചോറിൽ നിന്നും ജൈവവളം ഉണ്ടാക്കൽ, കൈത്തറി മേഖലയിൽ തൊഴിൽ പരിശീലനം തുടങ്ങിയവ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- ## വിദ്യാഭ്യാസം, കല, സംസ്കാരം

ഗ്രാമ പഞ്ചായത്തിനുകീഴിലുള്ള ഏക എൽ.പി. സ്കൂളിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനു പുറമെ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വിദ്യാലയങ്ങളിലെയും വിദ്യാഭ്യസ പ്രവർത്ത്തനങ്ങൾ സൂക്ഷമമായി നിരീക്ഷിച്ചും ,അവ അവലോകനം നടത്തിയും ആവശ്യമായ നിര്ദേശങ്ങൾ നല്കിയും വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ നിർവ്വഹണം നടത്തി വരുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളുടെ ഭൌതിക സൌകര്യങ്ങൾ ഒട്ടേറെ വികസിച്ചിട്ടുണ്ട്. ഇനി അക്കാദമിക് തലവും കുട്ടികളുടെ സർഗ്ഗ ശേഷികളും വികസിപ്പിക്കേണ്ടതുണ്ട്. കുട്ടികളുടെ സർഗ്ഗ ശേഷി

വികസിപ്പിക്കുന്നതിൻ സമഗ്ര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം കലാ സാംസ്കാരിക രംഗത്തും പുതിയൊരു പ്രവർത്തന ശൈലി രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിനു ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. വിദ്യാഭ്യാസം, കല, സംസ്കാരം യുവജന ക്ഷേമം, സ്പോർട്സ് മേഖലക്ക് വേണ്ടി 14,65,000/- രൂപ വകയിരുത്തുന്നു.

- **ആരോഗ്യം**

രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് ആരോഗ്യ മേഖലയിൽ ഈ വർഷം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ആധുനിക ചികിത്സാ രീതിക്കൊപ്പം ആയുർവേദത്തിനും ഹോമിയോക്കും പ്രാമുഖ്യം നൽകിയിരിക്കുന്നു. FHCയിൽ 6 മണി വരെ OP സൌകര്യം ഈ വർഷവും ഒരുക്കുന്നു. എഫഅ എച്ച് സി, പി എച്ച് സി, സബ്സെന്ററുകൾ എന്നിവിടങ്ങളിലും ചികിത്സക്കായി ആശുപത്രിയിൽ വരുന്ന രോഗികൾക്ക് മരുന്ന് ലഭ്യത ഉറപ്പ വരുത്തുന്നതിന് ആവശ്യമായ തുക ഉറപ്പ വരുത്തിയിട്ടുണ്ട്. ആരോഗ്യ മേഖലക്ക് വേണ്ടി ആകെ **45,20,000/-** രൂപ വകയിരുത്തുന്നു.

- **ദാരിദ്ര്യ ലഘൂകരണം പാർപ്പിടം ഉൾപ്പെടെ**

അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം ഗവ: നിർദ്ദേശ പ്രകാരമുള്ള പാക്കേജുകൾ പഞ്ചായത്തിൽ നടപ്പാക്കി. 66 പേരാണ് അതി ദരിദ്രരുടെ പട്ടികയിൽ ഉണ്ടായിരുന്നത്. ഇവർക്ക് ആവശ്യമായ പാക്കേജുകൾ നടപ്പാക്കി. ഇവർ ഇനിയും ദാരിദ്ര്യ പട്ടികയിൽ ഉൾപ്പെടാതിരിക്കാനുള്ള നടപടികൾ തുടരേണ്ടതുണ്ട്.

സ്വന്തമായി ഭൂമിയുള്ള, ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും വീട് നിർമ്മിക്കാനുള്ള ആനുകൂല്യം നൽകി കഴിഞ്ഞു. സ്വന്തമായി

ഭൂമിയില്ലാത്തവർക്ക് വീട് നിർമ്മിക്കാനുള്ള സ്ഥലം ഇനി കണ്ടെത്താനുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനം, പാർപ്പിടം മേഖലക്ക് വേണ്ടി 1,44,50,000/- രൂപ വകയിരുത്തുന്നു.

- **കുടിവെള്ളം, ശുചിത്വം**

കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ട പഞ്ചായത്താണ് നമ്മുടേത്. എല്ലാവർക്കും ജപ്പാൻ കുടിവെള്ള പദ്ധതി, ജലനിധി, പൊതുകിണർ എന്നീ സൌകര്യങ്ങൾ ഉപയോഗിച്ച് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തി.

ശുചിത്വമേഖലിയിൽ ഹരിതകർമ്മ സേനയുടെ മേൽനോട്ടത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. യൂസർഫീ 100% പ്രഖ്യാപിച്ച പഞ്ചായത്താണ് കണ്ണപുരം .സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാൽക്കരിക്കാനുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണത്തിന് സംവിധാനമില്ലാത്ത എല്ലാ വീടുകളിലും ജൈവ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാൻ ഗ്രാമപഞ്ചായത്ത് ശ്രമിക്കുന്നുണ്ട്. ഈ വർഷം മുഴുവൻ വീടുകളിലും ജൈവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത് അതിൻറെ ഭാഗമായി വാർഡുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങൾ നല്ല നിലയിൽ തന്നെ നടന്നു വരുന്നു. 24 വനിതകൾ ഹരിത കർമ്മ സേനയുടെ ഭാഗമായി ജോലി ചെയ്യുന്നു. ഇവർക്ക് സ്വന്തമായി വരുമാനം ലഭിക്കുന്നതിനോടൊപ്പം പഞ്ചായത്തിലെ പരിസര ശുചിത്വം നിലനിർത്തുന്ന മഹത്തായൊരു പ്രവർത്തനം കൂടിയാണിത്. പഞ്ചായത്തിലെ മുഴുവൻ പൊതുയിടങ്ങളും ശുചീകരിക്കുന്നതിനും വർഷക്കാലത്തെ പകർച്ചവ്യാധികളെ നിയന്ത്രിക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തോടെ പലതവണ നടത്തിയിട്ടുണ്ട്. മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതുണ്ട്.

കുടിവെള്ളം, ശുചിത്വം മേഖലക്ക് വേണ്ടി ഈ വർഷം ധനകാര്യ കമ്മീഷൻ ഗ്രാൻറ് ടൈഡ് ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നു.

- **സാമൂഹ്യ നീതി (വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വനിതകൾ)**

വയോജനങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമത്തിന് വേണ്ടി ഒട്ടേറെ പദ്ധതികൾ വർഷം തോറും നടപ്പാക്കി വരുന്നുണ്ട്.

വനിതകളുടെ നൈപുണ്യ വികസനത്തിനും, തൊഴിൽ പരിശീലനത്തിനും, തൊഴിൽ സംരംഭങ്ങൾക്കും ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

വിദ്യാർഥികളുടെ സുരക്ഷ, പരാതി പരിഹാരം, കൌൺസിലിംഗ്, ലിംഗപദവി കാഴ്ചപ്പാടിൽ അധിഷ്ഠിതമായ ലൈംഗിക വിദ്യാഭ്യാസം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള ജന്റർ ഡസ്കുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ ഉദ്ദേശിക്കുന്നു.

പഞ്ചായത്തിൽ ഇപ്പോഴുള്ള ചില അങ്കണവാടികളുടെ അടിസ്ഥാന സൌകര്യം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ബാല സൌഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കാൻ അതി ബൃഹത്തായ പദ്ധതികളാണ് നടപ്പാക്കേണ്ടത്. ഇതിൽ ചില പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സാമൂഹ്യ നീതി/ സാമൂഹ്യ നീതി മേഖലക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് 78,70,100/- വകയിരുത്തുന്നു.

- **പട്ടിക ജാതി ക്ഷേമം**

പട്ടികജാതി നഗറുകളുടെ അടിസ്ഥാന സൌകര്യ വികസനത്തിനും, വീടുകളുടെ പരിഷ്കരണത്തിനും, കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകിക്കൊണ്ടാണ് ഈ വർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. 31,92,520/- രൂപ ഈ മേഖലക്ക് വേണ്ടി വകയിരുത്തുന്നു.

- **സദ്ഭരണം, ധനകാര്യം, ഇ ഗവേണൻസ്, കണക്കുകൾ രേഖകൾ തയ്യാറാക്കൽ**

ISO സർട്ടിഫിക്കേഷൻ ഉള്ള പഞ്ചായത്ത് എന്ന നിലയിൽ ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവരുടെ പ്രശ്നങ്ങൾ കാലതാമസമില്ലാതെ പരിഹരിക്കലും, ജനങ്ങൾക്ക് ആവശ്യമായ സൌകര്യങ്ങൾ ഒരുക്കലും പഞ്ചായത്തിന്റെ പ്രധാന ഉത്തരവാദിത്വമായി മാറിയിരിക്കുന്നു. ഇതിനായി പഞ്ചായത്ത് ഓഫീസിന്റെ സൌകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഓഫീസുമായുള്ള ഇടപാടുകൾ ഓൺലൈനായി നടത്തുന്നതിനു ജനങ്ങളെ ബോധവൽക്കരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തിൻ വിട്ടുകിട്ടിയ സ്ഥാപനങ്ങളുമായി ഓൺലൈൻ മുഖേനയുള്ള ആശയവിനിമയം വർദ്ധിപ്പിക്കുന്നതിനും, ഘടക സ്ഥാപനങ്ങൾ മുഖേനയുള്ള സേവനം മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. **14,45,219/-** രൂപ ഈ മേഖലക്ക് വേണ്ടി വകയിരുത്തുന്നു.

- **ദുരന്ത നിവാരണം, ജൈവ വൈവിദ്ധ്യ മാനേജ്മെൻറ്, പരിസ്ഥിതി സംരക്ഷണം**

2025-2026 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവവൈവിദ്ധ്യ രജിസ്റ്റർ പുതുക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ജൈവ വൈവിദ്ധ്യ പരിപാലന കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കാലവസ്ഥാ വ്യതിയാനം , നിയന്ത്രിക്കുന്നതിനുമുള്ള ശ്രദ്ധേയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട് ഇതിന്റെ . ഭാഗമായി ജൈവ വൈവിദ്ധ്യ രജിസ്റ്റർ പുതുക്കി ടൂറിസം സാധ്യതകൾ . പ്രയോജനപ്പെടുത്തി ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്.

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന നെറ്റ് സീറോ കാർബണ് പദ്ധതിക്കായി 20,000/- രൂപ വകയിരുത്തി.

- **പൊതുമരാമത്ത്**

ആധുനിക കാലഘട്ടത്തിൽ മെച്ചപ്പെട്ട ഗതാഗത സൌകര്യം ഓരോ നാടിന്റെയും സമഗ്രമായ വികസനത്തിന് അനിവാര്യമായ ഘടകമാണ്. റോഡിന്റെ സംരക്ഷണം പഞ്ചായത്തിൻ വലിയ ബാധ്യതയാണ്. അതുകൊണ്ട് പരമാവധി തുക റോഡ് സംരക്ഷണത്തിനു വേണ്ടി ഉപയോഗിക്കേണ്ടി വരുന്നു.

തെരുവ് വിളക്ക് ഇല്ലാത്ത പരമാവധി റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ ഈ വർഷം ലക്ഷ്യമിടുന്നു. ഗതാഗതം, ഊർജ്ജം, കെട്ടിടം എന്നീ വികസനത്തിനുവേണ്ടി ഈ വർഷം 1,68,52,000/- രൂപ വകയിരുത്തുന്നു.

# സംഗ്രഹം

പഞ്ചായത്തിന്റെ നിലവിലുള്ള ധന സ്രോതസ്സും ജനങ്ങളുടെ ആവശ്യവും തമ്മിൽ വലിയ അന്തരമുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾ മുഴുവൻ യഥാസമയം പരിഹരിക്കാൻ കഴിയാതെ വരുന്നതിനു കാരണം ഫണ്ടിന്റെ ലഭ്യതക്കുറവാണ്. അനുദിനം നഗര വൽക്കരണത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ തനതു വരുമാനം വർദ്ധിപ്പിക്കാതെ മുന്നോട്ട് പോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. പരിമിതികൾ കണക്കിലെടുത്തുകൊണ്ടും ആവശ്യങ്ങൾ പരമാവധി പരിഗണിച്ചുകൊണ്ടുമാണ് ഈ ബഡ്ജറ്റ് രേഖ തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യകരമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.